**May : 20 / 2023**

# KGBEU OU ബുള്ളറ്റിൻ 61/2023

സഖാക്കളെ,

## വിഷയം: ക്ലറിക്കൽ ട്രാൻസ്ഫർ

ഈ വർഷത്തെ ക്ലറിക്കൽ ട്രാൻസ്ഫർ വളരെ വൈകിക്കൊണ്ടിരിക്കുന്ന വിഷയത്തിൽ പ്രതിഷേധിച്ച് മെയ് മാസം 10 ന് നാം ചെയർമാന് കത്ത് നൽകുകയും മാനേജ്മെന്റുമായി സംസാരിക്കുകയും ചെയ്തിരുന്നു. തുടർന്ന് ഈയാഴ്ച ട്രാൻസ്ഫർ ഇറക്കും എന്ന ഉറപ്പായിരുന്നു സംഘടനയ്ക്ക് ലഭിച്ചത്. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ്, ഇന്ന് ട്രാൻസ്ഫർ ഇറക്കാൻ ബുദ്ധിമുട്ടാണെന്നും കുറച്ച് കൂടി സാവകാശം വേണം എന്നുമാണ് മാനേജ്മെന്റ് പറയുന്നത്. ഇതിന്മേൽ ശക്തമായ പ്രതിഷേധം സംഘടന രേഖപ്പെടുത്തുകയും ഇന്ന് തന്നെ ട്രാൻസ്ഫർ ഇറക്കണം എന്ന് ശക്തമായി ആവശ്യപ്പെടുകയും ചെയ്തു. ട്രാൻസ്ഫർ റിപ്പോർട്ടിന്മേൽ ഒരു error വന്നതിനാൽ അത് rectify ചെയ്തു കൊണ്ടിരിക്കുകയാണ് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. OAST ജീവനക്കാർക്ക് മക്കളെ സ്കൂളിൽ ചേർക്കാൻ അവസരം കിട്ടുന്നില്ല എന്ന വികാരം ശക്തമാണ്. ആ വികാരത്തിനൊപ്പമാണ് സംഘടനയും.

അക്കാദമിക വർഷം ആരംഭിക്കുന്ന സമയമായിട്ടും ട്രാൻസ്ഫർ നടപടികൾ പൂർത്തിയാകാത്തത് കാരണം ക്ലറിക്കൽ ജീവനക്കാരുടെ മക്കൾക്ക് ഉദ്ദേശിക്കുന്ന വിദ്യാലയങ്ങളിൽ അഡ്മിഷൻ പോലും ലഭിക്കാതെ വിദ്യാഭ്യാസം തന്നെ അവതാളത്തിൽ ആകുന്ന സ്ഥിതിയാണ് ഉണ്ടാകുന്നത്. ഇത് മനസ്സിലാക്കി പ്രവർത്തിക്കാൻ തയ്യാറാകാത്തത് തികച്ചും അപലപനീയമാണ്.

ഇത്തവണ കൂടി ഒരവസരം നൽകണമെന്നും അടുത്ത തവണ സംഘടനയുടെ അഭിപ്രായം കൃത്യമായ അർത്ഥത്തിൽ തന്നെ മുഖവിലക്കെടുക്കും എന്നുമാണ് മാനേജ്മെന്റ് ഭാഷ്യം. ജനറൽ സെക്രട്ടറിമാർ HR വിംഗിൽ തുടരുകയാണ്.

അഭിവാദ്യങ്ങളോടെ,

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)